**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4898** **20-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് തരുവണയിലെ യു.പി സ്കൂളിലെ ടി.സി. അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് തരുവണയിലെ യു.പി. സ്കൂളിൽ ആറാം പ്രവൃത്തി ദിനത്തിൽ രാത്രിയിൽ ഉൾപ്പെടെ ടി.സി. അനുവദിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട്. 6-ാം പ്രവൃത്തി ദിവസം കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണയിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട് 08.06.2022 ന് ചില സാങ്കേതിക തടസ്സങ്ങൾ മൂലം ടി പ്രവൃത്തി പൂർത്തീകരിക്കാൻ സ്കൂളുകൾക്ക് കഴിഞ്ഞിരുന്നില്ല. അതിനാൽ GUPS തരുവണ ഉൾപ്പെടെ എല്ലാ സ്കൂളുകൾക്കും ആയതിനുള്ള സമയ പരിധി അന്നേ ദിവസം രാത്രി 10 മണി വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. |
| (ബി) | സർക്കാർ സ്കൂളിൽ നിന്നും ടി.സി. വാങ്ങിയത് വെള്ളമുണ്ട സ്കൂളിൽ കുട്ടികളുടെ എണ്ണം തികയ്ക്കാനാണെന്നത് വസ്തുതയാണോ; | (ബി) | വെള്ളമുണ്ട എ.യു.പി. സ്കൂളിലേക്ക് തരുവണ ജി.യു.പി.എസിൽ നിന്ന് നാലും എ.യു.പി.വഞ്ഞോട് നിന്ന് ഒന്നും അടക്കം അഞ്ച് ടി.സി.കൾ ആറാം പ്രവൃത്തി ദിവസം നൽകിയിട്ടുണ്ട്. ഈ കുട്ടികളെ കൂടി ഉൾപ്പെടുത്ത തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നത് തസ്തിക നിർണയത്തിന്റെ ഭാഗമായിട്ടാണ് പരിശോധിക്കപ്പെടുന്നത്. സർക്കാർ സ്കൂളിൽ നിന്നും ടി.സി. വാങ്ങിയത് വെള്ളമുണ്ട സ്കൂളിൽ കുട്ടികളുടെ എണ്ണം തികയ്ക്കാനാണോ എന്നത് തസ്തിക നിർണ്ണയത്തിനുശേഷം മാത്രമേ അറിയാൻ കഴിയൂ. 2022-23 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ നടന്നു വരുന്നു. തസ്തിക നിർണ്ണയം നടത്തുമ്പോൾ കുട്ടികളുടെ എണ്ണം തികയ്ക്കാൻ ടി.സി. വാങ്ങിയെന്നും കൃത്രിമമായി തസ്തിക സൃഷ്ടിച്ചുവെന്നും കണ്ടെത്തിയാൽ ആയത് റദ്ദാക്കുകയും ഉത്തരവാദികൾക്കെതിരെ കേരള വിദ്യാഭ്യാസ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | എങ്കിൽ ഈ നീക്കത്തിൽ മാനേജ്മെന്റും വിദ്യാഭ്യാസ | (സി) | സ്കൂൾ അധികൃതരുടെ അപേക്ഷയുടെ |

| | | | |
|---|---|---|---|
| | വകുപ്പും ഒരുപോലെ പങ്കാളികളാണ് എന്ന ആക്ഷേപം ഗൗരവമേറിയതല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കുമോ? | | അടിസ്ഥാനത്തിൽ 08.06.2022 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമ്പൂർണ്ണ റീസെറ്റ് ചെയ്തു നൽകിയെന്നുള്ള ആക്ഷേപം പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ